"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ-ശിശു വികസന വകുപ്പ് - ഇടുക്കി ജില്ലയിലെ സെന്റ് ആന്റണീസ് ബോയ്സ് ഹോം, പടമുഖം എന്ന ശിശു സംരക്ഷണ സ്ഥാപനത്തിന്റെ ജെ.ജെ രജിസ്ട്രേഷൻ റദ്ദ് ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ-ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.233/2026/WCDD തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:- വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടറുടെ 25.05.2026ലെ DWCD/4107/2023-ICPS 12 നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ വാത്തിക്കുടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 'സെന്റ് ആന്റണീസ് ബോയ്സ് ഹോം, പടമുഖം' എന്ന ശിശുസംരക്ഷണ സ്ഥാപനത്തിന് 25 കുട്ടികളെ സംരക്ഷിക്കുന്നതിനായി, 'ചിൽഡ്രൻസ് ഹോം' വിഭാഗത്തിൽ ഉൾപ്പെടുത്തി 30.12.2017-ൽ 361/2017 നമ്പരായി അനുവദിച്ചിരുന്ന ജെ.ജെ. (Juvenile Justice) രജിസ്ട്രേഷൻ കാലാവധി 2022 ഡിസംബർ 30-ന് അവസാനിച്ചിരുന്നു. 2025 മാർച്ച് മാസത്തോടുകൂടി സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തുന്നതായി സ്ഥാപന മേധാവി അറിയിച്ചതിനെ തുടർന്ന് പ്രസ്തുത മാസം തന്നെ ടി സ്ഥാപനത്തിൽ ഉണ്ടായിരുന്ന 19 കുട്ടികളിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള 7 കുട്ടികളെ ഇടുക്കി ചൈൽഡ് വെൽഫെയർ കമ്മിറ്റി 'ആദർശ് ബോയ്സ് ഹോം, മയിലക്കൊമ്പ്, ഇടുക്കി' എന്ന സ്ഥാപനത്തിലേക്കും ശേഷിക്കുന്ന കുട്ടികളെ അവരുടെ സ്വഭവനങ്ങളിലേക്കും പുനരധിവസിപ്പിച്ചിട്ടുണ്ട്. കൂടാതെ, ഒരു കുട്ടിയെ 'കാവൽ പ്ലസ്' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ടി സ്ഥാപനത്തിൽ കുട്ടികൾ ആരും തന്നെയില്ലാത്തതിനാലും പ്രവർത്തനം പൂർണ്ണമായി അവസാനിപ്പിച്ചിട്ടുള്ളതിനാലും, സ്ഥാപനത്തിന്റെ ജെ.ജെ. രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ വാത്തിക്കുടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 'സെന്റ് ആന്റണീസ് ബോയ്സ് ഹോം, പടമുഖം' എന്ന ശിശുസംരക്ഷണ സ്ഥാപനത്തിലുണ്ടായിരുന്ന 19 കുട്ടികളെയും സുരക്ഷിതരായി പുനരധിവസിപ്പിക്കുകയും സ്ഥാപനം പ്രവർത്തനം നിർത്തുകയും ചെയ്ത സാഹചര്യത്തിൽ മേൽ സ്ഥാപനത്തിന് അനുവദിച്ചിരുന്ന 361/2017 നമ്പർ ജെ.ജെ. രജിസ്ട്രേഷൻ റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

പകർപ്പ്-

1. ഡയറക്ടർ, വനിതാ-ശിശു വികസന വകുപ്പ്, തിരുവനന്തപുരം

2.അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ&ഇ), കേരള, തിരുവനന്തപുരം

2. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ഇടുക്കി

3. വെബ് & ന്യൂ മീഡിയ

4. ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
Date: 08-07-2026 12:48:20

സെക്ഷൻ ഓഫീസർ